പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 954

12.6.2013 ലെ മറുപടിയ്ക്ക്

## സീപ്ലെയിൻ പദ്ധതിയുമായി ബന്ധപ്പെട്ട ആശങ്കകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. വി.എസ്.സുനിൽ കുമാർ**<br>**ശ്രീ. കെ.രാജു**<br>**ശ്രീ.പി.തിലോത്തമൻ**<br>**ശ്രീ. കെ.അജിത്** | | **ശ്രീ. എ.പി.അനിൽ കുമാർ**<br>**ബഹു. പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി** |
| എ) സീപ്ലെയിൻ പദ്ധതി നിലവിൽ വന്നാൽ മത്സ്യത്തൊഴിലാളികൾക്കും ഉൾനാടൻ ജലാശയങ്ങൾക്കും മത്സ്യസമ്പത്തിനും നാശം സംഭവിക്കുമെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ആശങ്കയകറ്റുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാം ;<br>ബി) പ്രസ്തുത പദ്ധതി ഉപേക്ഷിക്കണമെന്നാവശ്യപ്പെട്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിവേദനങ്ങളിന്മേൽ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | എ & ബി) | ഉണ്ട്. ഇത്തരം ആശങ്കകൾ ദൂരീകരിക്കുന്നതിനായി ബഹു. പട്ടികജാതി, പിന്നോക്ക ക്ഷേമ, ടൂറിസം വകുപ്പ് മന്ത്രി, ബഹു. തുറമുഖ എക്സൈസ്, ഫിഷറീസ് വകുപ്പ് മന്ത്രി എന്നിവരുടെ നേതൃത്വത്തിൽ മത്സ്യബന്ധന രംഗത്തെ വിവിധ സംഘടനകളുടെ പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് 22.5.2013-ന് ഒരു യോഗം ചേരുകയും കാര്യങ്ങൾ വിശദീകരിക്കുകയും ചെയ്യുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും മേഖലകളെ ബാധിക്കുന്ന കാര്യങ്ങൾ ഉണ്ടെങ്കിൽ അതാതു മേഖലയിലെ തൊഴിലാളികൾ ഉൾപ്പടെയുള്ളവരുടെ ആശങ്കകൾ അകറ്റിക്കൊണ്ടായിരിക്കും പദ്ധതിയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ